# കേരള കാർഷിക സർവ്വകലാശാല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ , വയനാട് -673 593

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561

ഇമെയിൽ: rarsamb@kau.in/adramb@kau.in


നം.ഇ.5073/2023(i) തീയതി: 24.11.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2024 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള **"പൂപ്പൊലി 2024"** -ന്റെ ഭാഗമായി **A ടൈപ്പ്, B ടൈപ്പ് സ്റ്റാളുകൾ നടത്തുന്നതിന്** ലേലം ചെയ്യുന്നതിന് ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**അന്താരാഷ്ട്ര പുഷ്പമേള -പൂപ്പൊലി 2024 - A ടൈപ്പ്, B ടൈപ്പ് സ്റ്റാളുകൾ നടത്തുന്നതിനുള്ള ക്വട്ടേഷൻ (10x10 Sq. Ft.)**

- A ടൈപ്പ് സ്റ്റാളുകൾ (ഉദ്ദേശം 150 എണ്ണം) (അടിസ്ഥാന വില: 20,000/- രൂപ+ ജി.എസ്.ടി 18% ) B ടൈപ്പ് സ്റ്റാളുകൾ (ഉദ്ദേശം 60 എണ്ണം) (അടിസ്ഥാന വില: 20,000/- രൂപ+ ജി.എസ്.ടി 18% )
- മേൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത് വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ആയിരിക്കണം.
- ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാകേണ്ടതാണ്.
- മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണിവരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം.
- ക്വട്ടേഷൻ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്.

**ക്വട്ടേഷൻ സംബന്ധിച്ച മറ്റു വിവരങ്ങൾ**

| | |
|---|---|
| ക്വട്ടേഷൻ കവറിനു പുറത്ത് എഴുതേണ്ടത് | : **പൂപ്പൊലി 2024- A ടൈപ്പ്, B ടൈപ്പ് സ്റ്റാളുകൾ നടത്തുന്നതിനുള്ള ക്വട്ടേഷൻ** |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി,സമയം | : 07.12.2023, 11. a.m. |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | : 07.12..2023, 11 .30 a.m.. |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | : **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ,വയനാട്.** |
| നിരതദ്രവ്യം | : **5,000/- രൂപ (അയ്യായിരം രൂപ മാത്രം)** (DD- ആയി മാത്രം) |

<u>നിബന്ധനകൾ:-</u>

1) ഭക്ഷണ പദാർത്ഥങ്ങൾ (ഡ്രൈ ഫ്രൂട്സ് ഒഴികെ)/ലഹരി പദാർത്ഥങ്ങൾ എന്നിവ സ്റ്റാളുകളിൽ വിൽക്കുവാൻ പാടില്ല.
2) വിൽക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുകളുടെ വിവരം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
3) ചെടികൾ/വൃക്ഷ തൈകൾ എന്നിവയുടെ വിൽപ്പന സ്റ്റാളുകളിൽ അനുവദിക്കുന്നതല്ല.
4) സ്റ്റാളുകളിൽ സൗജന്യമായി ലൈറ്റ്, ഒരു മേശ, 2 കസേര എന്നിവ മാത്രമേ നൽകുകയുള്ളു. കൂടുതൽ വൈദ്യുതി ആവശ്യം ഉള്ളവർ ആയതിന് പ്രത്യേകം ഫീസ് അടയ്ക്കേണ്ടതാണ്.
5) വൈദ്യുതി പോയന്റ് അധികം ആവശ്യമുള്ളവർ ഒരു പോയന്റിന് ഈ സ്ഥാപനം നിശ്ചയിച്ച അധികം തുക അടയ്ക്കേണ്ടതാണ്.
6) സ്റ്റാളുകൾ അനുവദിക്കുന്നത് സ്ക്രീനിങ് കമ്മിറ്റിയ്ക്ക് വിധേയമായിട്ടായിരിക്കും.
7) കൂടുതൽ സ്റ്റാളുകൾ ആവശ്യമുള്ളവർ ഓരോ സ്റ്റാളുകൾക്കും സ്റ്റാൾ നമ്പറുകൾ എഴുതി പ്രത്യേകം നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. ആനുപാതികമായി നിരതദ്രവ്യം 5,000/-രൂപയും അടയ്ക്കേണ്ടതാണ്. ക്വട്ടേഷനിൽ വിൽപ്പനയ്ക്ക് ഉള്ള ഉൽപ്പന്നങ്ങളുടെ വിവരം നിർബന്ധമായും കാണിച്ചിരിക്കേണ്ടതാണ്.
8) ലേലം/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകകൾ രേഖപ്പെടുത്തുന്നവർക്ക് ആയിരിക്കും സ്റ്റാളുകൾ അനുവദിച്ചു നൽകുന്നത്.
9) സ്റ്റാളുകളിൽ അംഗീകൃത ഉപകരണങ്ങൾ/ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുവാൻ പാടുകയുള്ളു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.
10) നിലവിൽ പ്രാബല്യത്തിലുള്ള ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് മാത്രമേ വിഭവങ്ങൾ വിൽക്കുവാൻ പാടുള്ളു. പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. A ടൈപ്പ്, B ടൈപ്പ് സ്റ്റാളുകൾ യിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ക്വട്ടേഷൻ ലഭിക്കുന്നയാൾ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.
11) **നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഓഫീസിൽ നേരിട്ട് അടച്ച രസീതോ ആയി മാത്രമേ സ്വീകരിക്കുകയുള്ളു.**
12) ക്വട്ടേഷൻ ലഭിക്കുന്നവർ യാതൊരു കാരണവശാലും സ്റ്റാളുകൾ മറ്റൊരാൾക്ക് മറിച്ച് നൽകുവാൻ പാടുള്ളതല്ല.
13) ക്വട്ടേഷനിൽ പോകാത്ത സ്റ്റാളുകൾ അടിസ്ഥാന വില അടച്ച് പിന്നീട് വരുന്നവർക്ക് നൽകുന്നതാണ്. ഇപ്രകാരം വരുന്നവരും സെക്യൂരിറ്റി ഡെപ്പോസിറ്റായി 5,000/- രൂപ അടയ്ക്കേണ്ടതാണ്.
14) ക്വട്ടേഷൻ ലഭിക്കുന്നവർ 1/3 തുക ക്വട്ടേഷൻ അംഗീകരിച്ച ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക 25/12/2023-ന് മുമ്പായി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാകുന്നതുമാണ്.
15) നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല.
16) ക്വട്ടേഷനുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ക്വട്ടേഷൻ ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.
17) യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകിരക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
18) ക്വട്ടേഷൻ ഉറപ്പിക്കപ്പെടുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ /നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോട്കൂടി പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതും നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കുട്ടാകുന്നതുമാണ്.

19) സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

20) നികുതികൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല.

21) ആദ്യം പൊതു ലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.

22) കാരണം കാണിക്കാതെയും യാതൊരു വിധ മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും

23) ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്ര തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്.

24) കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

25) ക്വട്ടേഷൻ ലഭിക്കുന്നവർക്ക് ഒരു സ്റ്റാളിന് 2 സ്റ്റാൾ പാസ്സ് മാത്രമേ നൽകുകയുള്ളൂ.

ഒപ്പ്/-
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്:- 1. വിതരണത്തിന്
2.നോട്ടീസ് ബോർഡ്
3.പഞ്ചായത്ത് ഓഫീസ്(അമ്പലവയൽ)
4.വില്ലേജ് ഓഫീസ്(അമ്പലവയൽ)
5.കെ.എ.യു വെബ് സൈറ്റ്.
6.കെ.വി.കെ അമ്പലവയൽ
7. ബിൽ സെക്ഷൻ